# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.10.2024**

### പ്രധാനവാർത്തകൾ

1. കാസർകോട് നീലേശ്വരത്തുണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് മന്ത്രിസഭാ യോഗം.

2. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറുന്നു. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

3. ഒളിമ്പിക്സ് ഹോക്കി മെഡൽ ജേതാവ് പി. ആർ. ശ്രീജേഷിനെ അനുമോദിക്കാൻ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ചടങ്ങ് ഇന്ന്. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

4. മലപ്പുറം നിലമ്പൂർ പോത്തുകല്ലിൽ ഭൂമിക്കടിയിൽ നിന്ന് സ്ഫോടനശബ്ദം ഉണ്ടായ സംഭവത്തിൽ വിദഗ്ധ പരിശോധന ഉടൻ ആരംഭിക്കും.

5. സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള ഏഴാമത് സ്കൂൾ കായിക മേള കളിക്കളം 2024ന് ഇന്ന് സമാപനം.

*************************************

## വെടിക്കെട്ട് അപകടം - മന്ത്രിസഭ

കാസർകോട് നീലേശ്വരത്തുണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിൻറേതാണ് തീരുമാനം.

***********************************

## വെടിക്കെട്ട് - എസ്.ഐ.ടി

കാസർഗോഡ് വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ഉടൻ റിപ്പോർട്ട് നൽകാൻ രൂപീകരിച്ച പ്രത്യേക സംഘത്തിന്റെ അന്വേഷണം പുരോഗമിക്കുന്നു. കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി. ബാബു പെരിങ്ങോത്തിൻറെ നേതൃത്വത്തിലുള്ള ഏഴംഗ സംഘത്തിനാണ് അന്വേഷണ ചുമതല. അതേസമയം, എ.ഡി.എമ്മിൻറെ നേതൃത്വത്തിൽ അന്വേഷണം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാനും നിർദേശമുണ്ട്.

RNUTVPM

***********************************

## ഉപതിരഞ്ഞെടുപ്പ് - കേരളം

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഇതോടെ സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലായി 35 പത്രികകളാണ് സ്വീകരിച്ചത്. മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാണ്.

***********************************

## ചേലക്കര ഉപതിരഞ്ഞെടുപ്പ്

ചേലക്കര ഉപതെരഞ്ഞെടുപ്പിലെ മൂന്നു മുന്നണി സ്ഥാനാർത്ഥികളും ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നതിനുള്ള തിരക്കിലാണ്. UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ പര്യടനം കൊണ്ടാഴി പഞ്ചായത്തിൽ തിരുവഞ്ചൂർ രാധകൃഷ്ണൻ MLA ഉൽഘാടനം ചെയ്യു. എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻ ഇന്ന് തിരുവില്ലാമലയിലാണ് പ്രചാരണം നടത്തുന്നത്. എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് ഇന്ന് സ്വീകരണ പരിപാടികളിൽ ആണ് പങ്കെടുക്കുന്നത്.

**************************************

## പാലക്കാട് - ഉപതിരഞ്ഞെടുപ്പ്

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ മുന്നണി സ്ഥാനാർത്ഥികൾ കളം നിറഞ്ഞുള്ള പ്രചാരണത്തിലാണ്. പാർട്ടികളിലെ മുതിർന്ന നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനായി എത്തിത്തുടങ്ങി. യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി പഞ്ചായതതത്തിലാണ് വോട്ടഭ്യർത്ഥന നടത്തുക. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിൻ ഇന്ന് മാത്തൂർ പഞ്ചായത്തിൽ പ്രചാരണം നടത്തും. എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ പിരായിരി പഞ്ചായത്തിലെ ബൂത്ത് സമ്പർക്കങ്ങളിൽ ഇന്ന് പങ്കെടുക്കും.

**************************************

## ശബരിമല - ഇൻട്രോ

ചിത്തിര ആട്ടവിശേഷത്തിനായി ശബരിമല നട ഇന്ന്

RNU TVPM

വൈകിട്ട് അഞ്ചിന് തുറക്കും. നാളെ സന്നിധാനത്ത് ചിത്തിര ആട്ടവിശേഷം തിരുനാൾ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

***********************************

**പി.ആർ.ശ്രീജേഷ്**

ഒളിമ്പിക്സ് ഹോക്കിയിൽ രണ്ടാം തവണയും വെങ്കലമെഡൽ നേട്ടം കൈവരിച്ച പി.ആർ.ശ്രീജേഷിനെ അനുമോദിക്കാൻ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ചടങ്ങ് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വെള്ളയമ്പലം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ ശ്രീജേഷിന് സംസ്ഥാന സർക്കാർ പാരിതോഷികമായി പ്രഖ്യാപിച്ച 2 കോടി രൂപ സമ്മാനിക്കും. കായികവകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അദ്ധ്യക്ഷത വഹിക്കും.

RNU TVPM

***********************************

**മലപ്പുറം - സ്ഫോടനശബ്ദം**

മലപ്പുറം നിലമ്പൂർ പോത്തുകല്ലിൽ ഭൂമിക്കടിയിൽ നിന്ന് സ്ഫോടനശബ്ദം ഉണ്ടായ സംഭവത്തിൽ അല്പസമയത്തിനകം വിദഗ്ധ പരിശോധന ആരംഭിക്കും. പോത്തുകല്ല് പഞ്ചായത്തിലെ ആനക്കല്ല് ഭാഗത്ത് ഇന്നലെ രാത്രി പത്തുമണിയോടെയാണ് സ്ഫോടന ശബ്ദം അനുഭവപ്പെട്ടത്. ചില വീടുകൾക്ക് വിള്ളലുണ്ടായിട്ടുണ്ട്. ഏതാനും വീടുകളുടെ മുറ്റത്തും വിള്ളലുണ്ട്. വില്ലേജ് ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും

പഞ്ചായത്തംഗങ്ങളും ഇന്നലെ രാത്രിതന്നെ സ്ഥലത്തെത്തിയിട്ടുണ്ട്. അതേസമയം രാത്രി 11വരെ പ്രദേശത്ത് ഭൂമികുലുക്കം ഉണ്ടായിട്ടില്ലെന്ന് സംസ്ഥാന ദുരന്തനിവാരണ സമിതി അറിയിച്ചു.

***********************************

## കളിക്കളം 2024

സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻൽഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാന തല കായിക മേള കളിക്കളം 2024 ന് ഇന്ന് സമാപനം. ഉച്ചയ്ക്ക് കാര്യവട്ടം എൽ എൻ സി പി ഇ ഗ്രൗണ്ടിൽ നടക്കുന്ന സമ്മാനദാനവും സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. മന്ത്രിമാരായ ഒ.ആർ കേളു, വി അബ്ദുറഹിമാൻ തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

***********************************

## നിഷാദ് യൂസഫ് അന്തരിച്ചു

സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവും ഫിലിം എഡിറ്ററുമായ നിഷാദ് യൂസഫിനെ കൊച്ചി പനമ്പിള്ളി നഗറിലെ ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. ചാവേർ, സൗദി വെള്ളക്ക, തല്ലുമാല, ഓപ്പറേഷൻ ജാവ തുടങ്ങിയ ചിത്രങ്ങളുടെ എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. തല്ലുമാല എന്ന ചിത്രത്തിനാണ് മികച്ച ഫിലിം എഡിറ്റർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചിത്. നിഷാദ് യൂസഫിൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

***********************************

## കണ്ണൂർ - സി.ബി.സി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ നേതൃത്വത്തിൽ കണ്ണൂർ ചക്കരക്കല്ലിൽ നടന്നുവരുന്ന മൂന്ന് ദിവസത്തെ സംയോജിത ആശയവിനിമയ ബോധവൽക്കരണ പരിപാടി ഇന്ന് സമാപിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയ്സ്)

************************************

## നവീൻ ബാബു - കളക്ടർ

RNU TVPM

കണ്ണൂർ എ ഡി എം കെ. നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് തൻറെ മൊഴി പൂർണമായും പുറത്തുവന്നിട്ടില്ലന്ന് കണ്ണൂർ ജില്ലാ കലക്ടർ അരുൺ കെ വിജയൻ. കോടതി വിധിയിൽ വന്ന മൊഴി നിഷേധിക്കുന്നില്ല. ലാൻഡ് റവന്യൂ ജോയിൻ കമ്മീഷണർക്ക് നൽകിയ മൊഴിയും സമാനമാണ്. കുടുംബത്തിന് കൊടുത്ത കത്തിലുള്ള കാര്യത്തിൽ തന്നെ ഉറച്ചുനിൽക്കുന്നു എന്നും കളക്ടർ പറഞ്ഞു.

************************************

## പി പി ദിവ്യ

എ.ഡി.എം നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ അറസ്റ്റിലായ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി.പി ദിവ്യ ഇന്ന് ജാമ്യ അപേക്ഷ സമർപ്പിക്കുമെന്ന് റിപ്പോർട്ട്. തലശ്ശേരി സെഷൻസ്

കോടതിയിലാണ് അപേക്ഷ സമർപ്പിക്കുന്നത്. രണ്ടാഴ്ച്ചത്തേക്കാണ് കോടതി പി.പി ദിവ്യയെ റിമാൻഡ് ചെയ്തത്. ഇന്നലെ വൈകിട്ടാണ് ദിവ്യയുടെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തിയത്.

************************************

## കേരളപ്പിറവി കവിയരങ്ങ്

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75ആം വാർഷികത്തോടനുബന്ധിച്ചുള്ള കേരളപ്പിറവി കവിയരങ്ങിന് തിരുവനന്തപുരത്ത് തുടക്കമായി. ഐരാണിമുട്ടം തുഞ്ചൻ സ്മാരകത്തിലാണ് കവിയരങ്ങ് നടക്കുന്നത്. കല്ലറ നാരായണൻ, കെ ജയകുമാർ, പ്രമീള ദേവി, ശ്രീലതാ വർമ, വിനോദ് വൈശാഖി, മണമ്പൂർ രാജൻ ബാബു തുടങ്ങിയ പ്രശസ്ത കവികൾ കവിയരങ്ങിൽ പങ്കെടുക്കുന്നു.

************************************

## മുണ്ടക്കൈ - ധർണ

RNU TVPM

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർ കളക്ടറേറ്റ് ധർണ നടത്തുന്നു. പുനരധിവാസം ഉടൻ സാധ്യമാക്കുക, ബാങ്ക് ലോണുകൾ എഴുതിത്തള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ. ജനശബ്ദം ജനകീയ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സമരം.

************************************

## കേരള ഹൈക്കോടതി

കേരള ഹൈക്കോടതിയിൽ 5 പുതിയ അഡീഷണൽ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി കൃഷ്ണകുമാർ, കെ വി ജയകുമാർ, എസ് മുരളീകൃഷ്ണ , ജോബിൻ സെബാസ്റ്റ്യൻ, പി വി ബാലകൃഷ്ണൻ എന്നിവരാണ്

പുതിയ ജഡ്ജിമാരായി ചുമതലയേറ്റത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 45 ആയി ഉയർന്നു.

***********************************

## ചാണ്ടി ഉമ്മൻ

സ്പീക്കർക്ക് അവകാശ ലംഘന പരാതി നൽകി ചാണ്ടി ഉമ്മൻ എം.എൽ.എ. സംസ്ഥാന സർക്കാരിൻറെ പൊതു പരിപാടികളിൽ നിന്നും തന്നെ മനപ്പൂർവ്വം ഒഴിവാക്കുന്നുവെന്ന് ആരോപിച്ചാണ് പരാതി. പമ്പാടി ഉപജില്ലാ കലോത്സവത്തിൻറെ ഉദ്ഘാടനത്തിൽ നിന്നും മാറ്റി നിർത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് പരാതി നൽകിയത്. മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്.

RNU TVPM

***********************************

## ഓഹരി + സ്വർണം

ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 181 പോയിന്റ് താഴ്ന്ന് 80,188 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 38 പോയിന്റ് താഴ്ന്ന് 24,427 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന. ഗ്രാമിന് 65 രൂപ വർധിച്ച് 7,440 ഉം പവന് 520 രൂപ വർധിച്ച് 59,520 മാണ് ഇന്നത്തെ വില.

***********************************

## ശ്രീകാര്യം അനിൽ - അനുശോചനം

പ്രമുഖ കലാകാരനും സി.പി.ഐ(എം) കഴക്കൂട്ടം ഏര്യാ സെക്രട്ടറിയുമായിരുന്ന ശ്രീകാര്യം അനിലിൻ്റെ

നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

***********************************

## പടക്കം പൊട്ടിക്കൽ - നിയന്ത്രണം

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ദീപാവലി ആഘോഷങ്ങളിൽ നിശബ്ദ മേഖലകളായ ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തുടങ്ങിയവയുടെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് പുറത്തിറക്കി.

*****************************************************

***********************************

*********************

RNU TVPM